21/02/2022

10/2/22


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
**തിരുവനന്തപുരം_695 001**
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in


**ഹർജി നമ്പർ AP.No.1028(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.7110/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2022 ഫെബ്രുവരി 10**

Adv. Abhilash R.S.,
Innovative Legal Solutions,
Room No. 105, Court View Inn,
Near Indian Bank, Vanchiyoor,
Thiruvananthapuram.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഭൂജല വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
ജലവിജ്ഞാന ഭവൻ, അമ്പലമുക്ക്,
കവടിയാർ പി.ഒ., തിരുവനന്തപുരം.
2. അപ്പീൽ അധികാരി,
ഭൂജല വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
ജലവിജ്ഞാന ഭവൻ, അമ്പലമുക്ക്, തിരുവനന്തപുരം.
3. ശ്രീ. ബിജുകുമാർ എൻ.,
സീനിയർ ക്ലാർക്ക് & Deemed SPIO,
ഭൂജല വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
ജലവിജ്ഞാന ഭവൻ, അമ്പലമുക്ക്,
കവടിയാർ പി.ഒ., തിരുവനന്തപുരം.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 6.10.2021-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരൻ 17.3.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷ, അപ്പീൽ അപേക്ഷ എന്നിവയ്ക്ക് കാലതാമസം വരുത്തി മറുപടി നൽകിയത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനമാണെന്നതിനാൽ എതിർകക്ഷികൾക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുവാൻ താത്ക്കാലിക തീരുമാനം കൈക്കൊണ്ട് കമ്മീഷൻ വിശദീകരണം തേടിയിരുന്നു. ആയത് പ്രകാരം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയ

ശ്രീ.എ.ജി. ഗോപകുമാർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണവും 8.2.2022–ന് ടിയാനെ നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരൻ 17.3.2021–ന് വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം തന്റെ കൈവശമുള്ളതോ/തന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും സെക്ഷനിലുള്ളതോ നിയമാനുസൃതം തനിക്ക് പ്രാപ്യമാകുന്നതോ ആയിരുന്നെങ്കിൽ നിശ്ചിത സമയപരിധിയായ 30 ദിവസത്തിനകം അപേക്ഷകന് നൽകേണ്ടതായിരുന്നു. മാത്രമല്ല വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകി എന്ന് ഉറപ്പു വരുത്തേണ്ട ഉത്തരവാദിത്വവും പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടേതാണ് എന്നതിനാൽ അപേക്ഷയ്ക്ക് മറുപടി ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ശേഖരിച്ച് ആയത് അംഗീകരിച്ച് 17.4.2021–ന് തന്നെ ഫയലാക്കി സമർപ്പിക്കുന്നതിനും മറുപടി അയക്കുന്നതിനുമായി ശ്രീ. ബിജുകുമാർ എന്ന സീനിയർ ക്ലാർക്കിന് നിർദ്ദേശം നൽകിയിരുന്നതാണെന്നും എന്നാൽ ടിയാൻ ടി മറുപടി 7.7.2021–ന് മാത്രമാണ് ഡെസ്പാച്ച് ചെയ്തത് എന്നുമുള്ള ഒന്നാം എതിർകക്ഷിയുടെ വിശദീകരണം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ സമയബന്ധിതമായി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാത്തത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമായതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീ. എ.ജി. ഗോപകുമാറിനെ ശിക്ഷിക്കുവാനും ശിക്ഷയായി 5000/- രൂപ (അയ്യായിരം രൂപ മാത്രം) ടിയാനിൽ നിന്നും പിഴയായി ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ശ്രീ. എ.ജി. ഗോപകുമാർ, 5000/- രൂപ (അയ്യായിരം രൂപ മാത്രം) "007–60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 22.2.2022–നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൾ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാളുടെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതാണ്.

2. 26.4.2021–ന് ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീൽ 13.9.2021–നാണ് രണ്ടാം എതിർകക്ഷിയായിരുന്ന ശ്രീ. വിമൽരാജ് എസ്. തീർപ്പാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ ശ്രീ. വിമൽരാജ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത് ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ 3.5.2021–ന് ടി കാര്യാലയത്തിൽ ലഭിച്ചിരുന്നുവെന്നും ആയത് ഫയലാക്കി സമർപ്പിക്കുന്നതിനും മറുപടി

അയക്കുന്നതിനും ചമുതലപ്പെടുത്തിയിരുന്ന ശ്രീ. ബിജുകുമാർ, സീനിയർ ക്ലാർക്ക് 22.7.2021–നാണ് ഫയലാക്കി അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ചതെന്നും 17.3.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 7.7.2021–ന് മറുപടി നൽകിയിട്ടുള്ളതായി പരിശോധനയിൽ കണ്ടതിനാലാണ് അപ്പീലിന് പ്രത്യേകിച്ച് മറുപടി നൽകാതിരുന്നത് എന്നുമാണ്. ടി വിശദീകരണം അംഗീകരിക്കത്തക്കതല്ല. വിവരാവകാശ നിയമപ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തിയാണ്. ആയതിനാൽ നീതി നടപ്പാക്കുക മാത്രമല്ല നീതി നടപ്പാക്കിയെന്ന് ഉറപ്പു വരുത്തേണ്ടതിന്റെയും ഉത്തരവാദിത്വവും അപ്പീലധികാരിയിൽ നിക്ഷിപ്തമാണ്. അത്തരത്തിലുള്ള ഉത്തരവാദിത്വം രണ്ടാം എതിർകക്ഷിയായിരുന്ന ശ്രീ.വിമൽരാജ് എസ്., നിറവേറ്റാത്തതിനാലാണ് ഹർജിക്കാരന് കമ്മീഷനെ സമീപിക്കേണ്ടതായി വന്നിട്ടുള്ളത്. ആയതിനാൽ ടി വീഴ്ചകൾ വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനമാണെന്നതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതെ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്ന് അപ്പീൽ അധികാരിയായ ശ്രീ. വിമൽരാജ് എസ്.നെ കമ്മീഷൻ താക്കീത് ചെയ്യുന്നു.

3. വിവരാവകാശ അപേക്ഷയ്ക്കും, അപ്പീൽ അപേക്ഷയ്ക്കും സമയബന്ധിതമായി മറുപടി നൽകുന്നതിന് തടസ്സം നേരിട്ടത് സീനിയർ ക്ലാർക്കായ ശ്രീ.ബിജുകുമാർ ഫയൽ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയതിനാലാണെന്നാണ് ഒന്നും രണ്ടും എതിർകക്ഷികൾ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ സീനിയർ ക്ലാർക്ക് ശ്രീ. ബിജുകുമാർ (Deemed PIO) കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഇക്കാര്യത്തിലുള്ള വിശദീകരണം ടിയാൻ 8.9.2021–ന് നൽകിയിരുന്നെങ്കിലും ആയത് കമ്മീഷൻ മുമ്പാകെ ബോധ്യപ്പെടുത്തുന്നതിന് ഹിയറിംഗ് സമയത്ത് വീഴ്ച സംഭവിച്ചുവെന്നും വിശദീകരണം നൽകാൻ ടി വിഷയവുമായി യാതൊരു ബന്ധവുമില്ലാതിരുന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയതിനാലാണ് അപ്രകാരം സംഭവിച്ചതെന്നും 16.4.2021–ന് മറുപടി കത്തിന്റെ കരട് മാത്രമെ എസ്.പി.ഐ.ഒ. അംഗീകരിച്ചിരുന്നുള്ളുവെന്നും അതിന്റെ അസ്സൽ ഒപ്പിട്ടത് 26.6.2021–നാണെന്നും ട്രാൻസിസ്റ്റ് ബുക്ക് പ്രകാരം 21.6.2021–നാണ് ടി ഫയൽ ടൈപ്പ് ചെയ്തതെന്നും, ഇക്കാര്യം കമ്പ്യൂട്ടർ പരിശോധിച്ചാൽ മനസ്സിലാകുന്നതാണെന്നും 26.6.2021–ന് തയ്യാറാക്കിയ കത്ത് 7.7.2021–ന് ഡെസ്പാച്ച് ചെയ്തുവെന്നും പ്രസ്തുത സമയം തനിക്ക് എഫ്2 സെക്ഷന്റെ ചാർജ്ജ് കൂടി ഉണ്ടായിരുന്നുവെന്നും 8.11.2020 മുതൽ 31.7.2021–വരെയാണ് ടി–സെക്ഷന്റെ വിവരാവകാശ ഫയൽ കൈകാര്യം ചെയ്തിട്ടുള്ളതെന്നും 138 പുതിയ വിവരാവകാശ ഫയലുകൾ ഈ കാലയളവിൽ കൈകാര്യം ചെയ്തതിൽ 2 എണ്ണം മാത്രമാണ് അപ്പീലായി കമ്മീഷൻ മുമ്പാകെ

എത്തിയതെന്നും ലോക്ഡൗൺ കാരണവും, കണ്ടെയിൻമെന്റ് സോൺ ആയത് കാരണവും ജോലി നിയന്ത്രണത്തിലല്ലാത്ത അവസ്ഥ ഉണ്ടായിട്ടുള്ളതാണെന്നും മറ്റുമാണ്. ടി വിശദീകരണം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തതക്കതല്ല. ഒരു സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറ്റു ഉദ്യോഗസ്ഥരോട് വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങൾ നൽകുന്നതിനായി സഹായസഹകരണങ്ങൾ ആവശ്യപ്പെടുകയും അവർ അത് യഥാസമയം നൽകാതിരിക്കുകയും ചെയ്താൽ ടി ഉദ്യോഗസ്ഥനെ Deemed PIO ആയി കണക്കാക്കി പിഴ ശിക്ഷ ലഭിക്കാൻ വിവരാവകാശ നിയമം 5(5) വകുപ്പ് പ്രകാരം വ്യവസ്ഥയുണ്ട്. ആയതിനാൽ വിവരാവകാശ അപേക്ഷയിലും, അപ്പീൽ അപേക്ഷയിലും സമയബന്ധിതമായി മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടത് ആയതിന് ചുമതലപ്പെടുത്തിയ ശ്രീ.ബിജുകമാർ എൻ. ന്റെ ഭാഗത്ത് ഉണ്ടായ വീഴ്ച കൊണ്ടാണെന്ന് കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ ടിയാൻ കമ്മീഷനിൽ സമർപ്പിച്ച വിശദീകരണവും നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകളും പരിഗണിച്ച് ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്ന് താക്കീത് നൽകി ടിയാനെതിരെ ശിക്ഷാനടപടി സ്വീകരിക്കാനുള്ള താത്ക്കാലിക തീരുമാനം കമ്മീഷൻ അവസാനിപ്പിക്കുന്നു.

4. ഒന്നാം എതിർകക്ഷിക്കെതിരെ പിഴ ശിക്ഷയായി കമ്മീഷൻ ചുമത്തിയ 5000/- രൂപ 28.2.2022-നകം ഒന്നാം എതിർകക്ഷി ഒടുക്കി കമ്മീഷൻ തീരുമാനം നടപ്പിലാക്കിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, ജലവിഭവ വകുപ്പ് സെക്രട്ടറിക്കും, ഭൂജല വകുപ്പ് ഡയറക്ടർക്കും അയച്ചു കൊടുക്കേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ ഉത്തരവ് ഇന്നേ ദിവസം 2022 ഫെബ്രുവരി മാസം 10-ാം തീയതി തീർപ്പാക്കി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
us